തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ വിശപ്പുരഹിതനഗരം പദ്ധതി പ്രകാരം ഭക്ഷണ വിതരണം ചെയ്യുന്നതിന് ടെണ്ടർ നടപടികളിലൂടെ ഏജൻസികളെ കണ്ടെത്തി നിയോഗിച്ചിട്ടുണ്ട്. മലപ്പുറം, കൊല്ലം നഗരങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ഏജൻസികളെ കണ്ടെത്തിയിരിക്കുന്നത് ബന്ധപ്പെട്ട കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളാണ്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് കേരള സാമൂഹ്യ സുരക്ഷാ മിഷനും കൊല്ലം, മലപ്പുറം നഗരങ്ങളിൽ പദ്ധതി ചെലവിന്റെ 50% കേരള സാമൂഹ്യ സുരക്ഷാ മിഷനും 50% ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനും വഹിച്ചുവരുന്നു.

പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതരുമായും ബന്ധപ്പെട്ട ആശ്രയപദ്ധതി സൂപ്രണ്ടുമായും അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്. ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട ആശ്രയപദ്ധതി സൂപ്രണ്ടുമാർ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അർഹതയുള്ള എല്ലാപേർക്കും ഭക്ഷണം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് അതാതു ജില്ലകളിലെ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വയോമിത്രം, ക്യാൻസർ സുരക്ഷ/താലോലം കൗൺസിലർമാർ എന്നിവരെയും നിയോഗിച്ചിട്ടുണ്ട്.

**വയോജന സൗഹൃദ ഗ്രാമപഞ്ചായത്തുകൾ**

213 (3053) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിനെ വയോജന സൗഹൃദമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ;

(ബി) ഓരോ ജില്ലയിലും പദ്ധതിക്കായി തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണ്;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ലക്ഷ്യമാക്കുന്ന സേവനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുതിർന്ന പൗരൻമാർക്കായുള്ള നയം അംഗീകരിക്കുകയും 'വയോസൗഹൃദ പഞ്ചായത്തുകൾ' എന്ന പദ്ധതിക്ക് പൈലറ്റ് അടിസ്ഥാനത്തിൽ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ മൂന്ന് പഞ്ചായത്തുകളെ വയോസൗഹൃദ പഞ്ചായത്തുകളാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തും പാലക്കാട് ജില്ലയിലെ പെരുവെമ്പ്, കരിമ്പ പഞ്ചായത്തുകളുമാണ് വയോജന സൗഹൃദ പഞ്ചായത്തുകൾ എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക-വൈകാരിക പ്രശ്നങ്ങളെ വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കുക, പൊതു സമൂഹത്തിന് വയോജന പരിരക്ഷയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, പൊതു സംവിധാനങ്ങൾ വയോസൗഹൃദമാക്കുക, മുതിർന്ന പൗരൻമാർക്ക് പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

## വൃദ്ധജനങ്ങളുടെ പുനരധിവാസം

214 (3054) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധ ജനങ്ങളുടെ പുനരധിവാസത്തിനായി ഒരു സാമൂഹ്യ കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് നൽകിയ 1478/വി.ഐ.പി./എം.(പി. ആൻറ് എസ്.ഡബ്ലൂ.) നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(ബി) ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(സി) ഈ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് നടപടി പൂർത്തിയാകാതെ സൂക്ഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഫയലിൽ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധജനങ്ങളുടെ പുനരധിവാസത്തിനായി ഒരു സാമൂഹ്യകേന്ദ്രം ആരംഭിക്കുന്നതിനായി ലഭിച്ച നിവേദനം തുടർനടപടികൾ സ്വീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് കൈമാറുകയും ഡയറ്കടർ അത് ലാന്റ് ട്രാൻസ്ഫർ നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകുകയും ചെയ്തു. ടി ഓഫീസർ സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ലാന്റ് ട്രാൻസ്ഫർ നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസറോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസർ സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് നൽകുന്നതിനായി സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുവാൻ വില്ലേജ് ഓഫീസർക്ക് അപേക്ഷിച്ചപ്പോൾ ടി സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് അറിയിക്കുകയും പ്രസ്തുത വിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർ ഡയറക്ടറെ അറിയിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly